# Deepika

# 16 July 2018

# Tripunithura, Udayamperoor, Heavy Rain, Houses were Flooded

## തൃപ്പൂണിത്തുറ-ഉദയംപേരൂർ പ്രദേശങ്ങളിൽ 200ഓളം വീടുകളിൽ വെള്ളക്കെട്ട്

**തൃപ്പൂണിത്തുറ:** തോരാതെ പെയ്യുന്ന കനത്ത മഴയിൽ തൃപ്പൂണിത്തുറ-ഉദയംപേരൂർ പ്രദേശങ്ങളിലെ തീരദേശമാകെ വെള്ളക്കെട്ടിലായത് ജനങ്ങൾക്ക് ദുരിതമായി.

മുനിസിപ്പാലിറ്റിയുടെ പ്രാന്തപ്രദേശങ്ങളിലും, ഉദയംപേരൂർ പഞ്ചായത്തു പ്രദേശങ്ങളിലുമായി 200 ഓളം വീടുകളാ ണ് വെള്ളക്കെട്ടിലായത്. താഴ്ന്ന ഭാഗങ്ങളിലെ 150 ഓളം വീടുകൾ വെള്ളക്കെട്ട് ഭീഷണിയിലാണ്. വീട്ടു മുറ്റങ്ങളും പറമ്പുകളും റോഡുകളും തോടും കാനകളുമെല്ലാം നിറഞ്ഞൊഴുകുന്ന അവസ്ഥയാണ് എവിടെയും കാണാനള്ളത്.

തോടുകൾ പലതും അനധികൃതമായി കൈയേറിയതും മാലിന്യ നിക്ഷേപങ്ങൾ മൂലം ചില തോടുകൾ അടഞ്ഞുപോയതുമാണ് വെള്ളക്കെട്ടിന്റെ പ്രധാന കാരണം. പരമ്പരാഗത തോടുകൾ കൈയേറിയെടുക്കുന്നത് തടയാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ തയാറാകാത്തതാണ് സ്ഥിതി ഗുരുതര മാകാൻ ഇടയാക്കിയത്.

തൃപ്പൂണിത്തുറ തെക്കുംഭാഗം, പുതിയകാവ്, പാവംകുളങ്ങര, വടക്കേക്കൊട്ടപ്രദേശങ്ങളിലെല്ലാം വെള്ളക്കെട്ട് വ്യാപകമാണ്. ഇടറോഡുകളും ഇടവഴികളുമൊക്കെ വെള്ളം കെട്ടി നിൽക്കുകയാണ്. തൃപ്പൂണിത്തുറ പള്ളിപറമ്പുകാവ് ക്ഷേത്രം റോഡുകളും ഉപറോഡുകളും കനത്ത വെള്ളക്കെട്ടിലാണ്. ഫ്ളാറ്റുകളുടെ നിർമാണവും വെള്ളക്കെട്ട് രൂക്ഷത വർധിപ്പിക്കുന്നു.

ഉദയംപേരൂർ പഞ്ചായത്തിന്റെ 12 കിലോമീറ്റർ ദൈർഘ്യം വരുന്ന എംഎൽഎ റോഡിന്റെ പടിഞ്ഞാറു ഭാഗങ്ങളും തീരറോഡുകളുമെല്ലാം വെള്ളക്കെട്ടിലാണ്. ചെറുകിട കർഷകരുടെ ഒട്ടേറെ ഏത്തവാഴകളും, ചേമ്പ് , ചേന, കാച്ചിൽ, മരച്ചീനി, വാഴ തുടങ്ങി പച്ചക്കറികൾ വരെ വെള്ളക്കെട്ടിലാണ്. മഴ രണ്ടു ദിവസം കൂടി തുടർന്നാൽ കൃഷി നാശം പൂർണമാകാനിടയുണ്ട്. ഉദയംപേരൂർ പഞ്ചായത്തിൽ അശാസ്ത്രിയമായി പണിത റോഡുകളും കാനകളും വെള്ളക്കെട്ടിന്റെ മറ്റൊരു കാരണമാണ്.

ആമേട, തെക്കൻ പറവുർ, പുന്നക്കാവെളി, പുത്തൻകാവ് പ്രദേശങ്ങളിലും വെള്ളക്കെട്ടിന്റെ ദുരിതങ്ങൾ നിരവധിയാണ്. പഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി കോളനികളും വെള്ളക്കെട്ടിലാണ്. ഉദയംപേരൂർ പഞ്ചായത്ത് റോഡുകളിലെ വെള്ളക്കെട്ടും മാലിന്യ നിക്ഷേപങ്ങളും കൊതുകുശല്യവും ഗുരുതരമായ പകർച്ചവ്യാധി ഭീഷണി ഉയർത്തിയിട്ടും പഞ്ചായത്ത് അധികൃതർ യാതൊന്നും ചെയ്യാതെ അനങ്ങാപ്പാറ നയം തുടരുകയാണെന്ന് വ്യാപകമായ പരാതി ഉയർന്നിട്ടുണ്ട്.



**തൃപ്പൂണിത്തുറ പള്ളിപ്പറമ്പ് കാവ് റോഡിലെ വെള്ളക്കെട്ട് .**